LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തര വകുപ്പിൽ നിന്നും 6-10-2015-ലെ ഉത്തരവിന്മേലുള്ള നടപടികൾ

247 (3759) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിൽ നിന്നും 6-10-2015 ൽ ഇറക്കിയിട്ടുള്ള 2511/2015 നമ്പർ ഉത്തരവിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുവാനായി എറണാകുളം ജില്ലയിലെ പോലീസുകാർ സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ പ്രസ്തുത ആനുകൂല്യങ്ങൾ നിഷേധിക്കുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സർക്കാർ ഉത്തരവിനെ തുടർന്ന് പാലക്കാട് ജില്ലയിലെ 29 സിവിൽ പോലീസ് ഓഫീസർമാരുടെ സീനിയോറിറ്റി പുനക്രമീകരിച്ച് നൽകിയിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പാലക്കാട് ജില്ലയിലെ 29 സിവിൽ പോലീസ് ഓഫീസർമാർ ഫയൽ ചെയ്ത OA (EKM) No. 50/2015- ന്മേലുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് സർക്കാർ ടി ഉത്തരവിറക്കിയിട്ടുള്ളത്. ആയതിനാൽ ടി ഉത്തരവിലെ നിർദ്ദേശങ്ങൾ മറ്റ് ജില്ലകളിലും നടപ്പിലാക്കുന്നതിന്റെ പ്രായോഗികത വകുപ്പുതലത്തിൽ പരിശോധിച്ചുവരുന്നു.

കൊട്ടാരക്കര ഫയർ സ്റ്റേഷന് ലഭ്യമാക്കിയ ഉപകരണങ്ങൾ

248 (3760) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര ഫയർ സ്റ്റേഷന് എന്തെല്ലാം ഉപകരണങ്ങൾ ലഭ്യമാക്കി എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷന്റെ കാര്യക്ഷമമായ നടത്തിപ്പിനായി എന്തെല്ലാം ഉപകരണങ്ങൾ ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു;